**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5818** **08-07-2024 - ൽ മറുപടിയ്ക്ക്**

**വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാത്തത് പഞ്ചായത്തിന്റെ വികസന പ്രവൃത്തികളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല .<br><br>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/01/2024-ലെ LSGD/PD/1701/2024-DEA4 നമ്പർ സർക്കുലർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിവുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാം ഗ്രേഡ് ഓവർസിയർ/രണ്ടാം ഗ്രേഡ് ഓവർസിയർമാർക്ക് പൂർണ്ണ അധിക ചുമതല നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഇത്തരത്തിൽ ചുമതല നൽകുമ്പോൾ പരിചയ സമ്പന്നരായവർക്ക് ചുമതല നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടാതതാണെന്നും, കൂടാതെ ഒന്നാം തരം ഓവർസിയർ/രണ്ടാം തരം ഓവർസിയർ തസ്തിക നിലവിലില്ലാത്തതോ നിലവിലുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിലവിലെ ഒഴിവുകളിൽ സ്ഥിരം നിയമനം നടത്തുന്നത് വരെ നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അതത് സ്ഥാപനങ്ങൾ നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.(സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ആയത് പരിഹരിക്കാൻ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പി.എസ്.സി യിൽ നിന്ന് നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്കോ, പ്രൊമോഷൻ മുഖേനയോ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

I/181635/2024

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No:LSGD/PD/1701/2024-DEA4 തീയതി: 20-01-2024

## സർക്കുലർ

**വിഷയം:** തദ്ദേശസ്വയംഭരണ വകുപ്പ് -പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -എഞ്ചിനീയറിംഗ് വിഭാഗം - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതും ചുമതല ക്രമീകരണം നടത്തുന്നതും - സംബന്ധിച്ച്

**സൂചന :** 1. സ.ഉ (സാധാ) നം . 3644/2017/ത സ്വ ഭ വ തീയതി 10/11/2017

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എൻജിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ മേലധികാരി ആയിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുവരെ ടി സ്ഥാപങ്ങളിലെ ഒന്നാം തരം ഓവർസിയർ / രണ്ടാംതരം ഓവർസിയർമാർക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. കൂടാതെ സ്ഥിര നിയമനം വഴി ഒഴിവു നികത്തുന്നത് വരെ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം മുഖാന്തിരം ഇന്റർവ്യൂ നടത്തി നിയമിക്കാവുന്നതാണെന്നും സർക്കാർ ഉത്തരവായിട്ടുള്ളതാണ് .

എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിലും ഇക്കാര്യത്തിൽ വീഴ്ച വരുന്നതായി കണ്ടുവരുന്നു. ആയത് പദ്ധതി നിർവഹണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആകയാൽ അസിസ്റ്റന്റ് എൻജിനീയർ മേലധികാരി ആയിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുവരെ ചുമതല ക്രമീകരണം സംബന്ധിച്ച് താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

1) അസിസ്റ്റന്റ് എൻജിനീയർ തസ്തിക ഒഴിവുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാം തരം ഓവർസിയർ /രണ്ടാം തരം ഓവർസിയർമാർക്ക് പൂർണ്ണ അധിക ചുമതല നൽകി അതതു ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉടനടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇത്തരത്തിൽ ചുമതല നൽകുമ്പോൾ പരിചയ സമ്പന്നരായവർക്ക് ചുമതല നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) ഒന്നാം തരം ഓവർസിയർ /രണ്ടാം തരം ഓവർസിയർ തസ്തിക നിലവിലില്ലാത്തതോ നിലവിലുള്ള

I/181635/2024

തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതോ ആയ തദ്ദേശ സ്ഥാപനങ്ങളിൽ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിലവിലെ ഒഴിവുകളിൽ സ്ഥിര നിയമനം നടത്തുന്നത് വരെ നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അതത് സ്ഥാപനങ്ങൾ നിയമനം നടത്തേണ്ടതാണ്. ഇങ്ങനെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന തദ്ദേശ സ്ഥാപനങ്ങളിൽ എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല അതത് തദ്ദേശ സ്ഥാപന സെക്രട്ടറി നിർവഹിക്കേണ്ടതാണ്.

അതതു ജില്ലാ ജോയിന്റ് ഡയറക്ടർമാർ ജില്ലകളിലെ എല്ലാ തദ്ദേശ സ്ഥാപങ്ങളിലും മേൽ നിർദേശങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് 7 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

**പകർപ്പ്** : 1.ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയം ഭരണ വകുപ്പ്
2.എല്ലാ തദ്ദേശ സ്ഥാപന മേധാവികൾക്കും ( ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം )
3.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4.എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർക്കും
5.എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറി മാർക്കും